പട്ടികവർഗ്ഗ സങ്കേതത്തിൽ കടിവെള്ളം

216 (2418) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും കുടിവെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര രൂപ ചെലവഴിക്കുമെന്നാണ് വാഗ്ദാനം നൽകിയിരുന്നത് ;

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി അനുവദിച്ച തുക അതത് കേന്ദ്രങ്ങളിൽ ഇതേ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് പ്രത്യേക വാഗ്ദാനമൊന്നും നൽകിയിരുന്നില്ല. എന്നിരുന്നാലും ഈ സർക്കാർ ടി ആവശ്യത്തിലേക്കായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു: 2011-12 മുതൽ കോഴിക്കോട്, വയനാട്, കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിലെ പ്രാക്തന ഗോത്ര വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത 86 കോളനികളിൽ 19,26,45,000 രൂപ (പത്തൊൻപത് കോടി ഇരുപത്തിയാറ് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 54 കോളനികളിലായി 2014-15 വർഷത്തെ അഡീഷണൽ ടൈബൽ സബ്പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ തെരഞ്ഞെടുത്ത 32 കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃശ്ശൂർ, വയനാട്, കോഴിക്കോട്, കണ്ണൂർ, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലായി 9 കോളനികളിൽ ഹാംലെറ്റ് വികസന പദ്ധതി പ്രകാരം കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) തുടങ്ങിയ ശീർഷകങ്ങളിൽ നിന്നും ടി ആവശ്യത്തിനായി ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly